എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 4, ലക്കം 01 | 2023 ജനുവരി 05




# ഊർജ്ജ സംരക്ഷണ അവാർഡുകൾ സമ്മാനിച്ചു

## മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു

**ഊ**ർജ്ജ സംരക്ഷണ രംഗത്തെ മികച്ച സംഭാവനകൾക്ക് നൽകിവരാറുള്ള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകൾ വിതരണം ചെയ്തു. അവാർഡ് വിതരണ ചടങ്ങ് ദേശീയ ഊർജ്ജ സംരക്ഷണ ദിനമായ 2022 ഡിസംബർ 14 ന് വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

വിജയികളെ അഭിനന്ദിച്ചുകൊണ്ട് നടത്തിയ ഉദ്ഘാടന പ്രസംഗത്തിൽ സംസ്ഥാനത്ത് കൂടുതൽ ജലവൈദ്യുത പദ്ധതികൾക്കായി ശ്രമിക്കുമെന്നും, കാർഷിക ഗതാകതമേഖലകളിൽ സൗരോർജ്ജ സംവിധാനം പ്രയോജനപ്പെടുത്തുമെന്നും, ഭാവിയിലെ ഇന്ധനമായ ഹൈഡ്രജന്റെ സാധ്യത പ്രയോജനപ്പെടുത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വൻകിട ഊർജ്ജ ഉപഭോക്താക്കൾ, ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ, ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ, കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, സംഘടനകൾ, ഉർജ്ജ കാര്യക്ഷമമായ ഉപകരണങ്ങളുടെ പ്രമോട്ടർമാർ, ആർക്കിടെക്ട് & ഗ്രീൻ ബിൽഡിംഗ് കൺസൾട്ടന്റുമാർ എന്നീ വിഭാഗങ്ങളിലായാണ് അവാർഡ് നൽകിയത്.

ഈ വർഷത്തെ ഊർജ്ജ സംരക്ഷണ അവാർഡിന് 52 അപേക്ഷകരാണ് ഉണ്ടായിരുന്നത്. 75 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും 3842 ടൺ എണ്ണയുമാണ് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിലൂടെ അപേക്ഷകർക്ക് ലാഭിക്കാനായത്.

അവാർഡ് ദാന ചടങ്ങിൽ ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ജ്യോതിലാൽ ഐ.എ.എസ്സ് സ്വാഗതവും, ഗതാഗതവകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു മുഖ്യപ്രഭാഷണവും, ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ നന്ദിയും പറഞ്ഞു. അനർട്ട് സി.ഇ.ഒ. ശ്രീ. നരേന്ദ്ര നാഥ് വേലൂരി ഐ.എഫ്.എസ്സ്, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ. വി.സി. അനിൽ കുമാർ, ഇ.എം.സി.യുടെ ഗവേർണിങ് ബോഡി വൈസ് ചെയർപേഴ്സൺ ഡോ. ആർ. വി.ജി മേനോൻ, തിരുവനന്തപുരം നഗരസഭാ കൗൺസിലർ ശ്രീ പാളയം രാജൻ എന്നിവർ ചടങ്ങിൽ സന്നിഹിതരായി.


വൻകിട ഊർജ്ജ ഉപഭോക്താക്കൾ വിഭാഗത്തിൽ കാർബോറണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്, എറണാകുളം അവാർഡ് സ്വീകരിക്കുന്നു


കെട്ടിടങ്ങൾ വിഭാഗത്തിൽ കെ-ഡിസ്ക്, തിരുവനന്തപുരം അവാർഡ് സ്വീകരിക്കുന്നു



# കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് 2022

ഇടത്തരം ഊർജ്ജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ OEN ഇൻഡ്യ ലിമിറ്റഡ്, എറണാകുളം അവാർഡ് സ്വീകരിക്കുന്നു



ചെറുകിട ഊർജ്ജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ്, കൊല്ലം അവാർഡ് സ്വീകരിക്കുന്നു




സംഘടനകൾ/സ്ഥാപനങ്ങളുടെ വിഭാഗത്തിൽ സേക്രഡ് ഹാർട്ട് കോളേജ്, തേവര അവാർഡ് സ്വീകരിക്കുന്നു



ഊർജ്ജ കാര്യക്ഷമമായ ഉപകരണങ്ങളുടെ പ്രമോട്ടർമാർ വിഭാഗത്തിൽ ചിൽട്ടൺ റഫ്രിജറേഷൻ പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം അവാർഡ് സ്വീകരിക്കുന്നു



ആർക്കിടെക്റ്റ്സ് ആന്റ് ഗ്രീൻ ബിൽഡിംഗ് കൺസൾട്ടന്റ്സ് വിഭാഗത്തിൽ എഫ് 5 സസ്റ്റയിനബിലിറ്റി കൺസൾട്ടന്റ്സ്, എറണാകുളം അവാർഡ് സ്വീകരിക്കുന്നു



## പ്രശസ്തി പത്രത്തിന് അർഹരായവർ

| | |
|---|---|
| വൻകിട ഊർജ്ജ ഉപഭോക്താക്കൾ | 1. അപ്പോളോ ടയേഴ്സ് ലിമിറ്റഡ്, കളമശ്ശേരി |
| | 2. സെയിന്റ് ഗോബെയിൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട് |
| ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ | 1. MRCMPU ലിമിറ്റഡ്, മലയോര ഡയറി, കണ്ണൂർ |
| | 2. MRCMPU ലിമിറ്റഡ്, മിൽമ, വയനാട് ഡയറി |
| കെട്ടിടങ്ങൾ | ഹോട്ടൽ ക്രൗണി പ്ലാസ, കൊച്ചി |
| സംഘടനകൾ / സ്ഥാപനങ്ങൾ | സെന്റ് ആൽബർട്ട്സ് കോളേജ്, എറണാകുളം |

# കെട്ടിടങ്ങളിലെ ഊർജ്ജ സംരക്ഷണം; തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർക്കായുള്ള പരിശീലനം ആരംഭിച്ചു

**വാ**ണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിലെ ഊർജ്ജസംരക്ഷണം ഉറപ്പു വരുത്തുന്നതിനായുള്ള കേരള എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് നിയമത്തിലെ വ്യവസ്ഥകൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്ന പരിപാടി ആരംഭിച്ചു. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ 14 ന് തിരുവനന്തപുരത്ത് ഹോട്ടൽ റസിഡൻസി ടവറിൽ വച്ചു നടന്ന ചടങ്ങിൽ വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി നിർവഹിച്ചു.

ഊർജ്ജ സംരക്ഷണ ദിനമായ 2022 ഡിസംബർ 14 ന് ആരംഭിച്ച് 2023 ജനുവരി 18 വരെ വിവിധ ജില്ലകളിൽ പരിപാടി സംഘടിപ്പിക്കും. പതിനാല് ജില്ലകളിലായി 23 പരിശീലന പരിപാടികളാണ് സംഘടിപ്പിക്കുന്നത്. എല്ലാ തദ്ദേശസ്ഥാപനങ്ങളിലേയും 2200ലധികം എഞ്ചിനീയർമാരും സെക്രട്ടറിമാരും പരിശീലന പരിപാടിയിൽ പങ്കെടുക്കും.




പരിശീലനം നൽകുന്ന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം വൈദ്യുതി വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടി നിർവഹിക്കുന്നു




ആലപ്പുഴ ജില്ല: 2022 ഡിസംബർ 21



എറണാകുളം ജില്ല: 2022 ഡിസംബർ 30




കൊല്ലം ജില്ല: 2022 ഡിസംബർ 19



കോട്ടയം ജില്ല: 2022 ഡിസംബർ 23

# കാർഷിക മേഖലയിലെ ഊർജ്ജ പരിവർത്തനം; ദ്വിദിന ശിൽപ്പശാല

**പ**രിസ്ഥിതി സൗഹൃദ ഊർജ്ജ ഉപയോഗത്തിലൂടെ കാർഷിക മേഖലയെ കാർബൺ ന്യൂട്രൽ ആക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു. 2022 ഡിസംബർ 29, 30 തീയതികളിലായി നടന്ന കാർഷിക മേഖലയിലെ ഊർജ്ജ പരിവർത്തനം സംബന്ധിച്ച ദ്വിദിന ശിൽപ്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പരിപാടിയുടെ രണ്ടാം ദിവസം നടന്ന സമാപന സമ്മേളനത്തിന്റെ ഉദ്ഘാടന പ്രസംഗത്തിൽ കാർഷിക മേഖലയിലെ പ്രതിസന്ധികൾക്ക് പരിഹാര മാർഗമെന്ന നിലയിൽ കാർഷികോത്പന്ന സംസ്കരണത്തിന് വൈദ്യുതി നിരക്കിൽ ഇളവ് ലഭ്യമാക്കാൻ റഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെടുമെന്നും സൗരോർജ്ജവും മൈക്രോ ഇറിഗേഷൻ സാങ്കേതിക വിദ്യയും സംയുക്തമായി പ്രയോജനപ്പെടുത്തി ശാസ്ത്രീയമായി കൃഷി ചെയ്യുന്നത് വിളവ് വർധിപ്പിക്കുവാനും കർഷകരുടെ വരുമാനം ഉയർത്തുവാനും സഹായിക്കുമെന്നും വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ കെ കൃഷ്ണൻകുട്ടി അഭിപ്രായപ്പെട്ടു.

എനർജി മാനേജ്മെന്റ് സെന്ററും, അസർ സോഷ്യൽ ഇംപാക്ട് അഡ്വൈസേഴ്സും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. പരിപാടിയുടെ ഉദ്ഘാടന യോഗത്തിന് എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ ഹരികുമാർ അദ്ധ്യക്ഷനായി, ഗവേഷകനും ഭക്ഷ്യനയ വിദഗ്ധനുമായ ഡോ. ദേവീന്ദർ ശർമ മുഖ്യ പ്രഭാഷണം നടത്തി. ചടങ്ങിന് അസർ സോഷ്യൽ ഇംപാക്ട് അഡ്വൈസേഴ്സ് സി.ഇ.ഒ ശ്രീമതി. വിനുത വേണുഗോപാൽ സ്വാഗതവും, ഊർജ്ജ കാര്യക്ഷമതാ വിഭാഗം തലവൻ ശ്രീ. ജോൺസൺ ഡാനിയൽ നന്ദിയും പറഞ്ഞു.

രണ്ട് ദിവസങ്ങളിലായി നടന്ന ശിൽപ്പശാലയിൽ കാർഷിക മേഖലയിലെ ഊർജ്ജ കാര്യക്ഷമത, ഹരിതോർജ്ജ സാധ്യതകൾ, ഊർജ്ജ പരിവർത്തനം എന്നിവ ചർച്ചയായി. രണ്ടാം ദിവസം കാർഷിക മേഖലയിലെ ഊർജ്ജ പരിവർത്തനം എന്ന വിഷയത്തിൽ വൈദ്യുതി വകുപ്പ് മന്ത്രിയും പ്രതിനിധികളുമായി ചർച്ചയും സംഘടിപ്പിച്ചു.



കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് ശില്പശാലയിൽ സംസാരിക്കുന്നു



വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ കൃഷ്ണൻകുട്ടി ശില്പശാലയിൽ സംസാരിക്കുന്നു

# അങ്കണവാടികൾ ഊർജ സ്വയംപര്യാപ്തതയിലേക്ക്; 'സ്മിതം' പദ്ധതിക്ക് തുടക്കമായി

**സം**സ്ഥാനത്തെ അങ്കണവാടികളിൽ ഊർജ സ്വയംപര്യാപ്തത കൊണ്ടുവരുന്നതിനായി ഇ.എം.സി നടപ്പിലാക്കുന്ന 'സ്മിതം' പദ്ധതിയുടെ ആദ്യഘട്ടം കഴക്കൂട്ടം മണ്ഡലത്തിലെ വെൺപാലവട്ടം അംഗൻവാടിയിൽ ആരംഭിച്ചു. പദ്ധതിയുടെ ഭാഗമായി നിലവിലെ അങ്കണവാടികളിലെ പാചകം പൂർണമായും വൈദ്യുത ഊർജ്ജം വഴിയുള്ളതാക്കും. ഊർജ സ്വയംപര്യാപ്തത കൈവരിക്കുന്നതിലേക്കായി അങ്കണവാടികളിൽ 2 കിലോവാട്ടിന്റെ സോളാർ പ്ലാന്റും ഇ.എം.സി സ്ഥാപിക്കും.



വൈദ്യുത പാചക ഉപകരണങ്ങൾ വെൺ പാലവട്ടം അംഗൻവാടിക്ക് കഴക്കൂട്ടം എം.എൽ.എ ശ്രീ. കടകംപള്ളി സുരേന്ദ്രൻ കൈമാറുന്നു

വെൺപാലവട്ടം അങ്കണവാടിക്ക് വേണ്ട വൈദ്യുത പാചകത്തിനുള്ള ഉപകരണങ്ങൾ കഴക്കൂട്ടം എം.എൽ.എ ശ്രീ. കടകംപള്ളി സുരേന്ദ്രൻ 2022 ഡിസംബർ 30 നടന്ന ചടങ്ങിൽ കൈമാറി. ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ അധ്യക്ഷനായ ചടങ്ങിൽ കരിക്കകം വാർഡ് കൗൺസിലർ ശ്രീ. ഡി. ജി. കുമാരൻ ആശംസ അറിയിച്ചു. ഇ.എം.സി രജിസ്ട്രാർ ശ്രീ സുഭാഷ് ബാബു ബി. വി., അങ്കണവാടി ടീച്ചർ ശ്രീമതി. ലേഖ, ശ്രീ. സത്യരാജ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

സ്മിതം പദ്ധതിയുടെ ഭാഗമായി കഴക്കൂട്ടം മണ്ഡലത്തിലെ 110 അങ്കണവാടികളിലും വൈദ്യുത പാചകം ആരംഭിക്കുവാനും, സ്വന്തമായി കെട്ടിടമുള്ള 69 അങ്കണവാടികളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുവാനും പദ്ധതിയിട്ടിട്ടുണ്ട്. അതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഇ.എം.സി ആരംഭിച്ചു.



Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Ijas M. A. (Member)
Er. Tomson Sebastian (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256